Page 1 of 1

(ബി) ഈ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇത്തരം രോഗങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾക്കും, രോഗബാധിതർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനും ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതി**

17 (*227) ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലയോര ഗ്രാമങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) തലസ്ഥാന ജില്ലയിൽ ഈ പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ;

(സി) ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**മാരകമായ മെർസ് രോഗം കേരളത്തിലേക്ക് വ്യാപിക്കാതിരിക്കാൻ നടപടി**

18 (*228) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയർ ധാരാളമുള്ള സൗദി അറേബ്യയിൽ പടർന്നു പിടിച്ചിട്ടുള്ള മാരകമായ 'മെർസ്' കേരളത്തിലേക്ക് വ്യാപിക്കാതിരിക്കാനായി സർക്കാർ എന്തൊക്കെ കരുതൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly